# നാളികേര വികസനം: 87.97 കോടിയുടെ പദ്ധതികൾക്ക് അംഗീകാരം

## ● 11.15 കോടി രൂപയുടെ സബ്സിഡി അനുവദിച്ചു

കൊച്ചി ● കേരോൽപന്നങ്ങളുടെ നിർമാണവും സംസ്കരണവും ഗവേഷണവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിന് 87.97 കോടി രൂപയുടെ പദ്ധതികൾക്കു നാളികേര ടെക്നോളജി മിഷൻ പദ്ധതി അംഗീകാര സമിതി അനുമതി നൽകി. 30 പദ്ധതികൾക്കാണ് അനുമതി. 11.15 കോടി രൂപയുടെ സബ്സിഡിയും അനുവദിച്ചു.

നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് അധ്യക്ഷനായ സമിതി അംഗീകാരം നൽകിയവയിൽ നീര സംസ്കരണത്തിനുള്ള 12 പദ്ധതികളും ഉൾപ്പെടുന്നു. സംസ്ഥാനത്ത് നീരയുൽപാദനത്തിനായി പദ്ധതി സമർപ്പിച്ചിട്ടുള്ളതും ബോർഡിനു കീഴിൽ റജിസ്റ്റർ ചെയ്തതുമായ 12 നാളികേര ഉത്പാദക കമ്പനികൾക്ക് 59.82 കോടിയുടെ പദ്ധതികൾക്കായി ആറു കോടി രൂപയുടെ സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളത്. ഈ യൂണിറ്റുകളിൽ നിന്ന് പ്രതിദിനം 1.47 ലക്ഷം ലീറ്റർ നീരയുത്പാദനം പ്രതീക്ഷിക്കുന്നു.

പ്രതിദിനം യഥാക്രമം 10,000, 32,000 നാളികേരം വീതം സംസ്കരിച്ചെടുക്കാവുന്ന രണ്ടു ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ യൂണിറ്റുകൾക്കും പ്രതിദിനം 3,600 ടൺ ആക്ടിവേറ്റഡ് കാർബൺ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള ഒരു ചിരട്ടപ്പൊടി യൂണിറ്റിനും കർണാടകത്തിനാണ് അനുമതി ലഭിച്ചത്.

തമിഴ്നാട്ടിൽ മൂന്നു ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ യൂണിറ്റുകൾക്ക് അനുമതി നൽകി. ഇവിടെ പ്രതിദിനം യഥാക്രമം 40,000, 35,000, 80,000 നാളികേരം സംസ്കരിക്കാം. 30,000 കിലോഗ്രാം ചിരട്ടക്കരി സംസ്കരിക്കുവാനുള്ള ഒരു യൂണിറ്റിനും അനുമതി നൽകിയിട്ടുണ്ട്. മഹാരാഷ്ട്രയിൽ പ്രതിദിനം 16 മെട്രിക് ടൺ സംസ്കരണ ശേഷിയുള്ള ഒരു ചിരട്ടക്കരി യൂണിറ്റിന് അനുമതി ലഭിച്ചു.

മൈസൂർ സിഎഫ്ടിആർഐയിലെ ചീഫ് സയന്റിസ്റ്റ് ഡോ. കെ.എസ്.എം.എസ് രാഘവറാവു, കേരള സംസ്ഥാന കൃഷിവകുപ്പ് അഡീഷനൽ ഡയറക്ടർ വി.വി. പുഷ്പാംഗദൻ, കർണാടക ഹോർട്ടിക്കൾചർ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ കെ.ബി. ദുണ്ഡി, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം കായംകുളം മേധാവി ഡോ. വി.കൃഷ്ണകുമാർ, കൊച്ചി ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിങ് ആൻഡ് ഇൻസ്പെക്ഷനിലെ ഡോ. അനിൽകുമാർ ആർ, ഇന്ത്യൻ ഓവർസീസ് ബാങ്ക് എറണാകുളം അഡീഷനൽ ജനറൽ മാനേജർ ജയാഫർ, നാളികേര വികസന ബോർഡ് ചീഫ് കോക്കനട്ട് ഡവലപ്മെന്റ് ഓഫിസർ സുഗതഘോഷ്, ഡയറക്ടർ ഡോ. കെ. മുരളീധരൻ എന്നിവർ സമിതിയോഗത്തിൽ പങ്കെടുത്തു.